MONDAY 02-01-2023 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-02/01/2023.

1. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് മന്ത്രിയും വകുപ്പിലെ ഉദ്യോഗസ്ഥരും കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കൃഷിദർശൻ എന്ന പരിപാടി നെടുമങ്ങാട് ബ്ലോക്കിൽ 2023 ജനുവരി 25 ന് തുടക്കം കുറിക്കുന്നു. പരിപാടിക്ക് മുന്നോടിയായി കർഷകർക്ക് അവരുടെ പരാതികൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. കൃഷിവകുപ്പിന്റെ എയിംസ് പോർട്ടലിന്റെ പുതിയ പതിപ്പായ www.aimsnew.kerala.gov.in വഴിയാണ് കർഷകർ പരാതികൾ സമർപ്പിക്കേണ്ടത്. 2023 ജനുവരി 4 വരെയാണ് പരാതികൾ ഓൺലൈനായി സമർപ്പിക്കേണ്ടത്. എഴുതി തയ്യാറാക്കിയ പരാതികൾ ഓൺലൈനായി അപ്‌ലോഡും ചെയ്യാവുന്നതാണ്. കർഷകർക്ക് നേരിട്ടോ, അതത് കൃഷിഭവനുകൾ വഴിയോ പരാതികൾ സമർപ്പിക്കാവുന്നതാണ്. നെടുമങ്ങാട് ബ്ലോക്കിൽ നടത്തുന്ന കൃഷിദർശൻ പരിപാടിയുടെ ഭാഗമായി നെടുമങ്ങാട് ബ്ലോക്കിന് കീഴിലെ പഞ്ചായത്തുകളിലെ കർഷകർക്കാണ് പരാതികൾ സമർപ്പിക്കുവാൻ സാധിക്കുന്നത്.

2. തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിൽ 2023 ജനുവരി നാലു മുതൽ 15 വരെ **ന്യൂ ഇയർ ഫെസ്റ്റ് – പ്രദർശന വിപണന ഡിസ്കൗണ്ട് മേള** സംഘടിപ്പിക്കുന്നു. ഇതിന്റെ ഉദ്ഘാടനം കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കും. ഇതിനോടനുബന്ധിച്ച് കർഷകരെ ആദരിക്കൽ, വാണിജ്യ സ്റ്റാൾ, ഫുഡ് ഫെസ്റ്റ്, നഴ്സറി, പെറ്റ് ഷോ, ഫാം ടൂറിസം, അമ്യൂസ്മെന്റ് പാർക്ക്, ഓട്ടോമൊബൈൽസ്, കൾച്ചറൽ പ്രോഗ്രാം തുടങ്ങിയവ സംഘടിപ്പിച്ചിരിക്കുന്നു. പ്രവേശനം സൗജന്യമാണ്.

3. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ **സംയോജിത വിളവെടുപ്പാനന്തര പരിപാലനം** എന്ന ഘടകത്തിന് ധനസഹായം നൽകി വരുന്നു. സംരംഭക പ്രേരിതമായ ഈ പ്രോജക്കുകൾ വായ്പാബന്ധിതമായാണ് നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തീകരണത്തിന്

ശേഷം മൂല്യ നിർണ്ണയത്തിന് ആനുപാതികമായി സഹായധനം അനുവദിക്കുന്നതാണ്. വ്യക്തികൾ, കർഷക കൂട്ടായ്മകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, രജിസ്റ്റേർഡ് സൊസൈറ്റികൾ, സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, ട്രസ്റ്റുകൾ, വനിതാ കർഷക സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ (25 അംഗങ്ങളുള്ള) തുടങ്ങിയവർക്ക് സഹായത്തിന് അർഹതയുള്ളതായിരിക്കും. സമതല പ്രദേശങ്ങളിലെ ധന സഹായത്തിന് പുറമേ വയനാട്, ഇടുക്കി എന്നീ മലയോര പ്രദേശങ്ങൾക്ക് 15% അധിക ധന സഹായവും അനുവദിക്കുന്നതാണ്.

ഹോർട്ടികൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും (35%) മലയോര പ്രദേശങ്ങളിൽ 7.5 ലക്ഷം രൂപയും (50%), പഴം/പച്ചക്കറി ഉന്ത് വണ്ടികൾക്ക് 15000/- രൂപയും (50%), ശേഖരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിനുള്ള യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ 6 ലക്ഷം രൂപയും (40%) മലയോര പ്രദേശങ്ങളിൽ (50%) 8.25 ലക്ഷം രൂപയും ധനസഹായം നൽകുന്നു. കൂടാതെ, കുറഞ്ഞത് ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള നഴ്സറികൾ സ്ഥാപിക്കുന്നതിന് 7.5 ലക്ഷം രൂപയും (50%) കൂൺ കൃഷിയ്ക്ക് 8 ലക്ഷം രൂപയും (40%) കൂൺ വിത്തുത്പാദനത്തിന് 6 ലക്ഷം രൂപയും (40%) ധനസഹായം നൽകി വരുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ കൃഷി ഓഫീസുമായോ, കൃഷിഭവനുമായോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

4. ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം ഓഫീസിന്റെ നേതൃത്വത്തിൽ ആലപ്പുഴ ജില്ലയിലെ കളർകോട് പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി റേഡിയോ നിലയത്തിലേക്ക് കാഷ്വൽ പ്രൊഡക്ഷൻ അസിസ്റ്റന്റ് തസ്തികയിൽ ദിവസവേതന നിരക്കിൽ കരാർ നിയമനം നടത്തുന്നതിനുവേണ്ടി വാക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. ഇന്റർവ്യൂവിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ **2023 ജനുവരി 09-ന്** രാവിലെ 9 മണി മുതൽ 11 മണി വരെ **ആലപ്പുഴ കളർകോട് കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ, വിത്തു പരിശോധനാകേന്ദ്രം, കളർകോട്** നടക്കുന്ന സർട്ടിഫിക്കേറ്റ് പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്. **യോഗ്യത** –ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ചിട്ടുള്ള ബിരുദം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

റേഡിയോ പരിപാടികൾ തയ്യാറാക്കുന്നതിലുള്ള പരിജ്ഞാനം/അവതരിപ്പിക്കാനുള്ള കഴിവ് തുടങ്ങിയവ ഉണ്ടായിരിക്കണം. വാണി സർട്ടിഫിക്കറ്റുള്ളവർക്ക് മുൻഗണന.

5. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് കീഴിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലയിലെ കൊട്ടിയം മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിൽ 60 ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ വിൽപ്പനയ്ക്ക് തയ്യാറിട്ടുണ്ട്. ആവശ്യമുള്ളവർ **9495000923, 9495000933** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ, നേരിട്ട് കൊട്ടിയം ഫാമിൽ നിന്ന് കോഴികളെ വാങ്ങുകയോ ചെയ്യാവുന്നതാണന്ന് കെപ്കോ മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

**പരിശീലന പരിപാടികൾ**

6. കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം "ലാൻഡ്സ്കേപ്പിംഗ് " എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് **2023 ജനുവരി 9** ന് തുടങ്ങുന്നു. ഈ കോഴ്സിൽ ചേരുന്നതിന് 2023 ജനുവരി 8 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് **ജനുവരി 9** മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

7. സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പുനലൂർ അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ രണ്ടു വർഷത്തെ കെ.ജി.സി.ഇ കോഴ്സായ **'ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഓഫ് അഗ്രികൾച്ചറൽ മെഷിനറീസ്** കോഴ്സിൽ പ്രവേശനം ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **8086087344, 9847882327** എന്നീ നമ്പരുകളിൽ ബന്ധപ്പെടുകയോ, www.polvadmission.org/kgee എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

**കാർഷിക നിർദ്ദേശങ്ങൾ**

8. പയറിൽ **കരിവള്ളിക്കേട്** എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം കലക്കി തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

9. വെള്ളരി വർഗ പച്ചക്കറികളിൽ **മൃദുരോമപൂപ്പ്** എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി രണ്ടര ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയത്തക്കവിധത്തിൽ കലക്കി തളിക്കുക. മഴയില്ലാത്ത സമയത്ത് മാത്രം കുമിൾനാശിനി പ്രയോഗം നടത്തുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം